# ആത്മാവ് എന്നാൽ എന്ത് ?


## WHAT IS THE SOUL?





**മനുഷ്യാത്മാവ് എങ്ങനെ സൃഷ്ടിക്കപ്പെട്ടു?**

**ആത്മാവിന്റെ ഘടന എങ്ങനെ ?**

**അതു അനശ്വരമോ?**




ബൈബിൾ കൃത്യവും ശരിയുമായി എന്തു പഠിപ്പിക്കുന്നു എന്നുള്ള ഒരു ഉൾക്കാഴ്ച കൊണ്ട് ഈ മാസിക നിങ്ങളെ ധന്യരാക്കും. തുടർച്ചയായി ഈ മാസികയുടെ ഓരോ ലക്കങ്ങളിലെയും ലേഖനങ്ങൾ വഴി കുടുംബങ്ങൾക്കും ഭവനങ്ങൾക്കും പ്രത്യേക പ്രാധാന്യമുള്ള ജീവദായകമായ സന്ദേശങ്ങൾ ഇതു നല്കുന്നു. സകല ഭൂഗോത്രങ്ങൾക്കും വരുവാനുള്ള അബ്രഹാമിനോടുള്ള ദൈവത്തിന്റെ വാഗ്ദത്ത നിവൃത്തിയുടെ അനുഗ്രഹകാലത്തെ ഇതു വിളംബരം ചെയ്യുന്നു.




യുഗങ്ങളുടെ ദൈവിക നിർണ്ണയം (ഒരു സ്വതന്ത്ര ബൈബിൾ പഠന സഹായി) സകല ജാതികളുടെയും വീണ്ടെടുപ്പും യഥാസ്ഥാപനവും സംബന്ധിച്ചുള്ള ദൈവിക പദ്ധതിയുടെ ഒരു രൂപരേഖ വളരെ ലളിതമായി തെളിവായി തരുന്ന ബൈബിളിന്റെ ഒരു 'താക്കോൽ' അഥവാ ബൈബിൾ വായിക്കുന്നതിനുള്ള ഒരു സംക്ഷിപ്ത വിവരപ്പട്ടിക. തിന്മയ്ക്ക് നല്കപ്പെട്ടിരിക്കുന്ന അനുമതിയെ സംബന്ധിച്ചുള്ള അറിവിനും പ്രവാചകന്മാർ ദർശിച്ച സുവർണ്ണയുഗത്തിനായുള്ള ഒരുക്കത്തിനും ഈ കൃതി സഹായകം.

# ആത്മാവ് എന്നാൽ എന്ത്?

## “അവൻ അവരുടെ ആത്മാക്കളെ മരണത്തിൽ നിന്നും വിടുവിച്ചില്ല” (സങ്കീ. 78:50).

ദേഹത്തിനു മരണമുണ്ടെന്നും അതിനു നിരന്തരപോഷണം ആവശ്യ മാണെന്നും അതുകൊണ്ടുതന്നെ അതു അക്ഷയമല്ലെന്നും എല്ലാവർക്കും അറിയാം. എന്നാൽ തിരുവെഴുത്തുകൾ ആത്മാവ് എന്നൊന്നിനെപ്പറ്റി പറ യുന്നുണ്ടല്ലോ. ആ ആത്മാവ് നാശാതീതമായിരിക്കുമോ?ആത്മാവിനെ സൃഷ്ടിച്ചശേഷം അതിനെ നശിപ്പിക്കാൻ സ്രഷ്ടാവിനു കഴിയുകയിെ ല്ലന്നോ?

മറിച്ചു വിചാരിക്കാൻ മതിയായ തെളിവില്ലാത്ത കാലത്തോളം ഏതു സൃഷ്ടിയുടെയും ജീവൻ സ്രഷ്ടാവിന്റെ ഇച്ഛയ്ക്കു വിധേയമാണെന്നും യുക്തിബോധം നമ്മെ പഠിപ്പിക്കുന്നു. പലരും സങ്കല്പിക്കുന്നപ്രകാരം തിരു വെഴുത്തുകൾ മൂലത്തിലാകട്ടെ പരിഭാഷകളിലാകട്ടെ ഒരിടത്തും ആത്മാ വിന്റെ അമർത്യതയെപ്പറ്റി പറയുന്നില്ല. ഒരു വേദശബ്ദാവലിയെ അവലം ബിച്ചു “അമർത്യമായ ആത്മാവ്” എന്ന പദം കണ്ടെത്താൻ ശ്രമിക്കുക. തിരുവെഴുത്തുകളിൽ അപ്രകാരമൊരു പ്രയോഗമില്ലെന്നു അതുവഴി നിങ്ങൾക്കു പെട്ടെന്നുതന്നെ നിഷ്പ്രയാസം ബോധ്യപ്പെടും. മറിച്ച് തിരു വെഴുത്തുകൾ പ്രഖ്യാപിക്കുന്നത് “ആത്മശരീരങ്ങളെ രണ്ടിനേയും നശി പ്പിക്കാൻ” ദൈവം ശക്തനാണെന്നത്രെ. പാപം ചെയ്യുന്ന ആത്മാവോ അതു മരിക്കും എന്നും അതുപറയുന്നു.

മർത്യവും നശ്വരവുമായതൊന്നും അമർത്യമോ മരണത്തിനതീതമോ അല്ല. മേലുദ്ധരിച്ചതിരുവെഴുത്തുകൾ തെളിയിക്കുന്നത് ശരീരം എന്നപോലെ ആത്മാവും അമർത്യമല്ലെന്നാണ്.

### ഈ വിഷയം സംബന്ധിച്ച അബദ്ധധാരണകൾ

ആത്മാവ് എന്നാൽ പിന്നെ എന്താണ്? നമ്മിൽ കുടികൊള്ളുന്ന നിർവ ചനാതീതമായ ഏതോഒന്ന് എന്നാണ് അതിനെപ്പറ്റിയുള്ള സാമാ ന്യബോധം. എന്നാൽ അത് എന്തെന്നോ എവിടെ സ്ഥിതി ചെയ്യുന്നെന്നോ വിശദമാക്കാൻ ആരും മിനക്കെടുന്നില്ല. അജ്ഞാതമായ ഈ ഏതോ ഒ ന്നാണ് ബോധവിശിഷ്ടനായ യഥാർത്ഥ മനുഷ്യൻ എന്നും ശരീരം അതിന്റെ വെറും കൂടോ ആയുധമോ ആണെന്നും വിശ്വസിച്ചുവരുന്നു. ഒരുമെതോ ഡിസ്റ്റ് വൈദികൻ ഒരിക്കൽ ആത്മാവിന് ഇങ്ങനെ ലക്ഷണം കല്പിക്കുക

യുണ്ടായി; “അതിന് അകമോ പുറമോ ഇല്ല. ശരീരമോ ആകൃതിയോ അവയവങ്ങളോ ഇല്ല. അവയെ കോടിക്കണക്കിന് ഒരു കൊച്ചുചെപ്പിലൊതുക്കാം”-ശുദ്ധശൂന്യതയുടെ സ്വഭാവവിവരണം!

ചിലർ സമർത്ഥിക്കാൻ ശ്രമിക്കുന്നതുപോലെ ശരീരമല്ല ആത്മാവ്. “ആത്മശരീരങ്ങളെ രണ്ടിനെയും നശിപ്പിക്കാൻ ദൈവം ശക്തൻ” എന്ന ക്രിസ്തുവിൻ വചനം ഇതിനു തെളിവാണ്. ഈ സ്ഥിതിക്കു മനുഷ്യസൃഷ്ടിയെ സംബന്ധിച്ച നിശ്വസ്തവചനം മുൻവിധി കൂടാതെ പരിശോധിക്കുകവഴി ഈ വിഷയം സംബന്ധിച്ചു കൂടുതൽ അറിവുനേടാൻ നമുക്കുകഴിയും.

## മനുഷ്യന്റെ ആത്മാവ് എങ്ങനെ സൃഷ്ടിക്കപ്പെട്ടു

ഉൽപ.2:7-ൽ ഇങ്ങനെ എഴുതിയിരിക്കുന്നു; “യഹോവയായ ദൈവം നിലത്തെ പൊടി കൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ നാസാദ്വാരങ്ങളിൽ പ്രാണശ്വാസം ഊതി. മനുഷ്യൻ ജീവനുള്ള ആത്മാവായിത്തീർന്നു”. ഇവിടെ പ്രാണശ്വാസം എന്നതിലെ പ്രാണശബ്ദം എബ്രായഭാഷയിൽ ബഹുവചനത്തിലാണ്. സകല ജന്തുക്കളിലും സാധാരണമായിരിക്കുന്ന പ്രാണൻ തന്നെ.

ഈ വിവരണത്തിൽ നിന്നും വ്യക്തമാകുന്നതിതാണ്; ആദ്യം ദേഹം നിർമ്മിക്കപ്പെട്ടു. എന്നാൽ ചൈതന്യവത്താകും വരെ അത് മനുഷ്യൻ അഥവാ ആത്മാവായിരുന്നില്ല. അതിനു കണ്ണുണ്ടായിരുന്നെങ്കിലും കാഴ്ചയോ കാതുണ്ടായിരുന്നെങ്കിലും കേൾവിയോ വായുണ്ടായിരുന്നെങ്കിലും സംസാരശേഷിയോ ഉണ്ടായിരുന്നില്ല. നാവുണ്ടായിരുന്നു, എന്നാൽ രുചി അറിഞ്ഞിരുന്നില്ല. നാസാരന്ധ്രങ്ങളുണ്ടായിരുന്നു, എന്നാൽ ഗന്ധബോധം ഇല്ലായിരുന്നു. രക്തമാകട്ടെ തണുത്തുനിർജ്ജീവമായിരുന്നു. ശ്വാസകോശങ്ങൾ സ്പന്ദിച്ചിരുന്നില്ല. അതു മനുഷ്യനായിരുന്നില്ല. ശവപ്രായമായ ഒരുജഡവസ്തുമാത്രമായിരുന്നു.

മനുഷ്യ സൃഷ്ടിയിലെ രണ്ടാംഘട്ടം ഇങ്ങനെ വേണ്ടവണ്ണം “രൂപം കൊടുത്ത്” എല്ലാനിലയിലും സുസജ്ജമാക്കിയ ദേഹം ചൈതന്യവത്താക്കുക എന്നതായിരുന്നു. “അവന്റെ മൂക്കിൽ ജീവശ്വാസം ഊതി” എന്നവാക്കുകളിൽ ഈ വസ്തുത പ്രതിപാദിക്കുന്നു. ആരോഗ്യവാനായ ഒരുവൻ വെള്ളത്തിൽ മുങ്ങി ശ്വാസംമുട്ടി പ്രാണവ്യാപാരം താൽക്കാലികമായി നിലയ്ക്കുന്നു എന്നിരിക്കട്ടെ. അപ്പോൾ കൈകളും ശ്വാസകോശങ്ങളും ഒരു ഉലപോലെ പ്രവർത്തിച്ച് ചൈതന്യം വീണ്ടടുക്കുകയും നാസാദ്വാരേണയുള്ള ശ്വാസഗതി ക്രമേണ പുനഃസ്ഥാപിക്കുകയും ചെയ്യാം. ആദാമിന്റെ സംഗതിയിൽ സ്രഷ്ടാവിനു ഇങ്ങനെയൊന്നും ആയാസപ്പെടേണ്ടിവന്നില്ല.

താൻ സൃഷ്ടിച്ച അവികലമായ ആ ശരീരം അന്തരീക്ഷത്തിലെ ജീവദായ കമായ പ്രാണവായു നിഷ്പ്രയാസം ശ്വസിക്കാൻ തുടങ്ങി.

ചൈതന്യജനകമായ ശ്വാസോച്ഛ്വാസം ആരംഭിച്ചതോടെ ശ്വാസകോ ശങ്ങൾ വികസിച്ചു. രക്താണുക്കളിൽ പ്രാണവായു ഉൾച്ചേർന്നു. രക്തം ഹൃദ യത്തിലേക്കു പ്രവേശിച്ചു. ഹൃദയം അതിനെ എല്ലാദേഹ ഭാഗങ്ങളിലേക്കും പ്രവഹിപ്പിച്ചു. തത്ഫലമായി മുമ്പുതന്നെ സജ്ജീകൃതമെങ്കിലും നിഷ്ക്രി യമായിരുന്ന സിരകൾ ബോധവത്തും ചൈതന്യവത്തുമായിത്തീരുന്നു. ക്ഷണത്തിൽ തലച്ചോറ് ഊർജ്ജസ്വലമാകുന്നു. ചിന്ത, ധാരണം, യുക്തി വിചാരം, ദർശനം, സ്പർശനം, ഘ്രാണം, വികാരം, രുചിബോധം ഇവയെല്ലാം ആരംഭിക്കുന്നു. ഇതേവരെ മർത്യാകാരമായിരുന്ന ഒരു നിർജ്ജീ വ പിണ്ഡം ഇപ്പോൾ ഒരു മനുഷ്യനായി, ബോധവത്തായ ജീവിയായി. ആധാരവാക്യത്തിൽ പറയുന്ന "ജീവനുള്ള ആത്മാവ്" എന്ന അവസ്ഥാ വിശേഷത്തിലെത്തി. വെറേ വിധത്തിൽ പറഞ്ഞാൽ ''ജീവനുള്ള ദേഹി" (ആത്മാവ് ) എന്നതിന് ഇന്ദ്രിയബോധവിശിഷ്ടമായ ജീവി എന്നു തന്നെയാണ് അർത്ഥം. അതായത് പ്രജ്ഞയും ഇന്ദ്രിയബോധവും വിചാര ശേഷിയുമുള്ള ജീവി എന്നുതന്നെ.

ആദാമിന്റെ ശരീരം അന്യൂനമായിരുന്നെങ്കിലും ജീവവൃക്ഷങ്ങളുടെ ഫലം ഭക്ഷിക്കുന്നതിനെ ആശ്രയിച്ചുവേണ്ടിയിരുന്നു ജീവസന്ധാരണം. അവൻ പാപം ചെയ്തപ്പോൾ ദൈവം അവനെ തോട്ടത്തിൽ നിന്നു പുറന്ത ള്ളി. അവൻ കൈനീട്ടി ജീവവൃക്ഷങ്ങളുടെ ഫലം പറിച്ചു തിന്നു എന്നേക്കും ജീവിക്കാതിരിക്കേണ്ടതിനു തന്നെ (ഉൽപ്പ. 3:22). എന്നേക്കും ജീവിക്കുന്ന തിനു ആ വൃക്ഷഫലം തുടരെ ഭക്ഷിക്കേണ്ടിയിരുന്നു. ദൈവവചനത്തിൽ നിന്നുള്ളസത്യത്തിന്റെ വെളിച്ചത്തിൽ മൂടൽമഞ്ഞും അവ്യക്തതകളും ഓടി മറയുന്നതു കാണുക.

### താണപടിയിലുള്ള ജീവികളും ആത്മാക്കൾതന്നെ

താഴ്ന്ന പടിയിലുള്ള ജീവികളെയും തിരുവെഴുത്തുകൾ ആത്മാക്കൾ എന്നു വ്യവഹരിക്കുന്നതിന്റെ കാരണം ഇപ്പോൾ നമുക്കു വ്യക്തമാകുന്നു. മനുഷ്യനെപ്പോലെ അവയും ബോധവത്തായ ജീവികളാണ്. താഴ്ന്നപടി യിലാണെന്നു മാത്രം. മനുഷ്യനെപ്പോലെ അവയ്ക്കും കാണാനും കേൾക്കാനും രുചിക്കാനും മണക്കാനും സ്പർശിക്കാനും കഴിയും. അതിന്റെ ശരീരഘടനയുടെ നിലവാരത്തിനൊത്തവിധം യുക്തി വിചാരത്തിനും ക ഴിയും. അവയുടെ വിചാരമേഖല സങ്കുചിതവും പരിമിതവുമാണെന്നു മാത്രം. താഴ്ന്ന ജീവികളിൽനിന്നു വിഭിന്നമായ ഒരു ആത്മാവ് മനുഷ്യനുള്ളതല്ല ഇതിനുകാരണം. എന്തെന്നാൽ ജീവശക്തി എല്ലാറ്റിനും തുല്യമാണ്. ജീവാ

ധാരമായ ഉറവിടം ഒരേസ്രഷ്ടാവുതന്നെ. ജീവസന്ധാരണരീതിയിലും ഭേദമില്ല. ഒരേ ഭക്ഷ്യപദാർത്ഥങ്ങൾ തന്നെ ദഹിച്ചു അതിന്റെ പ്രകൃതിക്കു ചേർന്ന വിധം രക്തവും മാംസപേശികളും അസ്ഥിയും മറ്റും ഉൽപ്പാദിതമാകുന്നു. വംശവർദ്ധനയിലും വ്യത്യാസമില്ല. ഓരോന്നും പ്രാരംഭത്തിൽ ഈശ്വരദത്തമായി ലഭിച്ച ജീവൻ സന്തതികളിലേക്കു പകരുന്നു. ആകൃതിയിലും മാനസികമായ കഴിവുകളിലുമാണ് അന്തരമുള്ളത്.

മനുഷ്യൻ ആത്മാവ് അഥവാ ബുദ്ധിയുള്ള ജീവിയാണെന്നും മൃഗങ്ങൾക്ക് ആത്മധർമ്മങ്ങളായ ബുദ്ധിവിചാരം, വികാരം ഇവ ഇല്ലെന്നും പറഞ്ഞുകൂടാ. മറിച്ചു മനുഷ്യനും മൃഗത്തിനും ആത്മധർമ്മമായബുദ്ധി അഥവാ മനോവൃത്തികൾ ഉണ്ട്. തിരുവെഴുത്തുകളുടെ മാത്രം പ്രസ്താവമല്ലിത്. മേൽക്കാണുന്നതുപോലെ ആത്മശബ്ദത്തിന്റെ ശരിയായ അർത്ഥം മനസ്സിലാക്കുന്നതോടെ ഇതാണു വസ്തുതയെന്നു ബോദ്ധ്യപ്പെടും.

ഉദാഹരണത്തിന് : ഒരു ശ്വാവിന്റെ സൃഷ്ടിവിവരണം സങ്കൽപ്പിക്കുക. ആദാമിന്റെ കഥയിലെന്നപോലെ ആ സൃഷ്ടിയുടെ വിശദാംശങ്ങൾ വിവരിച്ചു എന്നിരിക്കട്ടെ. രണ്ടു വിവരണങ്ങൾക്കും തമ്മിൽ എന്തു വ്യത്യാസമുണ്ടായിരിക്കും? ശ്വാവിന്റെ ശരീരം ജീവശ്വാസംകൊണ്ട് ചൈതന്യവത്താകും വരെ ശ്വാവാകുന്നില്ല. അപ്പോൾ അതു മനോവൃത്തികളോടും ഇന്ദ്രിയ വ്യാപാരങ്ങളോടും കൂടിയ ജീവനുള്ള സൃഷ്ടിയായിത്തീരുന്നു. നായെന്ന പേരിൽ അറിയപ്പെടുന്ന താഴ്ന്നപടിയിലുള്ള ഒരു ജീവാത്മാവായിത്തന്നെ.

ജീവൻ പ്രാപിച്ചതോടെ ആദാം മനോവൃത്തികളോടും ഇന്ദ്രിയവ്യാപാരങ്ങളോടും കൂടിയ ജീവനുള്ള സൃഷ്ടിയായി തീർന്നതുപോലെ തന്നെ. എന്നാൽ മനുഷ്യനെന്ന പേരിൽ ജഡജീവികളിൽ ഏറ്റവും ഉയർന്ന പടിയിലുള്ള ജീവാത്മാവാണെന്ന വ്യത്യാസം മാത്രം.

## മനുഷ്യന്റെ സൂക്ഷ്മതരമായ ശരീര ഘടന

മനുഷ്യനും മൃഗവും തമ്മിലുള്ള വലിയ അന്തരം രണ്ടിനെയും ചൈതന്യവത്താക്കുന്ന ജീവന്റെ സ്വഭാവഭേദത്തിലല്ലെങ്കിൽ വ്യത്യാസം കേവലം ശരീരത്തെ സംബന്ധിച്ചായിരിക്കുമോ? നിശ്ചയമായും അങ്ങനെതന്നെ. പ്രാകൃതികമായ വ്യത്യാസം ശാരീരികമാണ്. ഇതിനും പുറമേ തിരുവെഴുത്തിൽ മനുഷ്യനു ഒരു ഭവിഷ്യായുസ്സിന്റെ വാഗ്ദാനവുമുണ്ട്. മൃഗങ്ങൾക്ക് ഇപ്രകാരമൊരു ഭാവിജീവിതത്തിന്റെ വാഗ്ദാനമില്ല. കൂടാതെ അമൂർത്ത വിഷയങ്ങൾ പര്യാലോചിക്കാൻ ഉള്ള ബുദ്ധിവിലാസവുമില്ല. മറ്റു കാര്യങ്ങളിൽ മാറ്റമില്ലാത്തപക്ഷം മാനസികശക്തിയും ബുദ്ധിശക്തിയും തലച്ചോറിന്റെ വലിപ്പത്തെയും തൂക്കത്തെയും ആശ്രയിച്ചിരിക്കും. ഈ വിഷയത്തിൽ സ്രഷ്ടാവു മനുഷ്യനു മൃഗത്തെ അതിശയിക്കത്തക്ക മേന്മ നൽകിയിട്ടുണ്ട്. മനുഷ്യനെ

അപേക്ഷിച്ചു മൃഗങ്ങളുടെ തലച്ചോറിനു വലിപ്പം കുറയും. സ്വാർത്ഥവാസനകൾക്കേ അതിനു കഴിയൂ. അതിനെ സംബന്ധിച്ചിടത്തോളം ന്യായാന്യായബോധത്തിന്റെ അങ്ങേയറ്റത്തെ മാനദണ്ഡം അതിന്റെ യജമാനന്റെ ഇഷ്ടാനിഷ്ടങ്ങൾ മാത്രമാണ്. മനുഷ്യരിലോ പ്രകൃതിയിലോ നിക്ഷിപ്തമായിരിക്കുന്ന മഹത്വം അതിന് ദുർഗ്രഹമാണ്. അതു ഗ്രഹിക്കാൻ വേണ്ട പ്രതിഭാവിലാസം സ്രഷ്ടാവ് അവയ്ക്ക് നൽകിയിട്ടില്ല.

"വളരെനല്ലത്" എന്നു പരമവിധികർത്താവ് പ്രസ്താവിക്കത്തക്കവിധം മനുഷ്യന്റെ ആദിമപൂർണ്ണത മഹത്തരമായിരുന്നു (ഉൽപ്പ. 1:31; ആവ. 32:4). എന്നാൽ അവൻ പാപമരണങ്ങളിൽ നിപതിച്ചതിന്റെ ഫലമായി ആ അവസ്ഥയ്ക്കു മാറ്റം വന്നു. ചിലർ താഴ്ന്നതരം വിചാരേന്ദ്രിയങ്ങളെ പ്രവർത്തിപ്പിക്കുകയും മേൽത്തരം ധിക്ഷണാശക്തികളെ അവഗണിക്കുകയും ചെയ്യുകവഴി അവയ്ക്കു ആസ്ഥാനമായ മസ്തിഷ്ക്ക ഭാഗങ്ങൾ ശുഷ്ക്കമായിത്തീർന്നിരിക്കുന്നു. എങ്കിലും അതിനുള്ള ഇന്ദ്രിയം ഇല്ലാതില്ല. അതിന് ഇനിയും വികസന സാദ്ധ്യതയുണ്ട്. എന്നാൽ മൃഗങ്ങളുടെ കഥ ഇതല്ല. അവയിൽ പൂർണ്ണതയുടെ ഉച്ചസ്ഥാനത്തോളമെത്തിയിട്ടുള്ള വർഗ്ഗത്തിനുപോലും ആ മാനസിക സിദ്ധികളില്ല.

മേൽത്തരവും സുക്ഷ്മതരവുമായ ഈ ജ്ഞാനേന്ദ്രിയങ്ങളാണ് മനുഷ്യനെ ഇതര ജീവികളിൽ നിന്നു വിഭിന്നമാക്കുന്നത്. മാംസാസ്ഥികൾ രണ്ടിനും തുല്യം. രണ്ടും ഒരേ വായു ശ്വസിക്കുന്നു, ഒരേ വെള്ളം കുടിക്കുന്നു, ഭക്ഷ്യവസ്തുക്കളും വ്യത്യസ്തമല്ല. എല്ലാം ആത്മാക്കൾ അഥവാ ബുദ്ധിയുള്ള സൃഷ്ടികൾ തന്നെ. മനുഷ്യനാകട്ടെ മെച്ചപ്പെട്ട ശരീരമുള്ളതിനാൽ ഉയർന്ന തോതിലുള്ള ധിക്ഷണാവിലാസത്തിന് ഉടമയായിത്തീരുന്നു. അതുകൊണ്ട് സ്രഷ്ടാവ് അവനെ തികച്ചും വ്യത്യസ്തമായ ഒരുപടിയിൽ പരിഗണിച്ചു പെരുമാറുന്നു. അവനു സ്രഷ്ടാവിനോടുണ്ടായിരുന്ന ആദിമ സാദൃശ്യത്തിനു പാപം മൂലം സംഭവിച്ച അപകർഷത്തിന്റെ തോതനുസരിച്ചാണ് അവനെ നാം മൃഗപ്രായനായി എണ്ണുന്നത്. മഹത്തരവും സംസ്കാര ഭാസുരവുമായ മനോഭാവങ്ങൾ നഷ്ടപ്പെട്ട് മൃഗത്തോടു കൂടുതൽ അടുപ്പം കാണിക്കുന്ന അവസ്ഥ അവനു കൈവരുന്നു.

## വേദസാക്ഷ്യം

വേദസാക്ഷ്യം ഇതിനോടൊക്കുന്നു. ഉൽപ്പ. 1:29,30-ൽ ഇങ്ങനെ എഴുതിയിരിക്കുന്നു. "ഇതു നിങ്ങൾക്കു ആഹാരമായിരിക്കും. ജീവനുള്ള എല്ലാ ഭൂചരജന്തുക്കൾക്കും ആകാശത്തിലെ എല്ലാ പറവകൾക്കും എല്ലാ ഇഴജന്തുക്കൾക്കും" കൂടെ. ഇവിടെ ഭൂചരജന്തുക്കൾക്കും പറവകൾക്കും ഇഴജന്തുക്കൾക്കും ഉള്ളതായി പറയുന്ന ജീവൻ എന്നതിനു എബ്രായ മൂലത്തിൽ

ഉള്ള പദം "നെഫേഷ് കൈയാ" എന്നതാണ്. ഇതേ പദംതന്നെയാണ് മനുഷ്യനെ സംബന്ധിച്ചും "അവൻ ജീവനുള്ള ആത്മാവായി" എന്നു പ്രയോഗിച്ചിരിക്കുന്നത്. മനുഷ്യനെന്നപോലെ ഇതരജീവികൾക്കും ഒരേജീവാത്മാവു തന്നെ എന്നു ഇങ്ങനെ തെളിയുന്നു. വീണ്ടും (ഉൽപ്പ. 1:20) ൽ "ജീവനുള്ള ചരിക്കുന്നസൃഷ്ടികൾ വെള്ളത്തിൽ നിന്നുളവാകട്ടെ" എന്നു നാം വായിക്കുന്നു. ഇവിടെയും ജീവൻ എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന എബ്രായ മൂലപദം മുൻപറഞ്ഞ ജീവാത്മാവ് എന്നർത്ഥമായ "നെഫേഷ് കൈയാ" എന്നതുതന്നെ. ജീവതത്ത്വത്തിന്റെ വിഷയത്തിൽ മനുഷ്യനും മത്സ്യങ്ങളിൽ നിന്ന് വ്യത്യസ്ഥമായി മൂക്കിൽകൂടെശ്വസിക്കുന്ന ഇതര ജീവികളും തമ്മിൽ യാതൊരു ഭേദവുമില്ലെന്നു ജലപ്രളയത്തിൽ സംഭവിച്ച നാശത്തെ സംബന്ധിച്ച വിവരണത്തിൽ നിന്നുതെളിയുന്നു (ഉൽപ. 6:17; 7:15,22). "മനുഷ്യനും മൃഗത്തിനും രണ്ടിനും ശ്വാസം (എബ്രായപദം റൂഹ -ജീവാതാമാവ്) ഒന്നത്രെ" എന്ന ശലോമോന്റെ പ്രസ്താവം ഇതിനോടു പൂർണ്ണമായി യോജിക്കുന്നു (സഭാ. 3:19). "മനുഷ്യന്റെ ആത്മാവ് മുകളിലേക്ക് പോകുന്നുവോ? മൃഗത്തിന്റെ ആത്മാവ് കീഴോട്ട് ഭൂമിയിലേക്ക് പോകുന്നുവോ? ആർക്കറിയാം? (സഭാ. 3:21) എന്നവൻ ചോദിക്കുമ്പോൾ അന്നേ പ്രചാരത്തിലായിക്കഴിഞ്ഞിരുന്ന പുറജാതി സിദ്ധാന്തത്തെ അവൻ എതിർക്കുകയാണ്. മരിച്ചു എന്നുതോന്നുമ്പോഴും മരണം അസാദ്ധ്യമാക്കുന്ന ഏതോസഹജഗുണം അവനിലുണ്ടെന്നതായിരുന്നു ഈ സിദ്ധാന്തം. ഈ വാദത്തിനു എന്തു തെളിവുണ്ട്, എങ്ങനെ സമർത്ഥിക്കാം, എന്നു ജ്ഞാനിയായ ശലോമോൻ വെല്ലുവിളിക്കുന്നു . 19-ഉം 20-ഉം വാക്യങ്ങളിൽ അവൻ ഈ വിഷയം സംബന്ധിച്ച സത്യം പ്രസ്താവിച്ചിരിക്കുന്നു. അതിനെ തുടർന്നാണ് തെളിവുകൾ ഹാജരാക്കയോ അല്ലാത്തപക്ഷം തത്സംബന്ധമായ അജ്ഞത സമ്മതിക്കയൊ ചെയ്യാൻ അവൻ മറ്റുള്ളവരെ വെല്ലുവിളിക്കുന്നത്.

## മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യാസങ്ങൾ

മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യാസം ശ്വാസത്തിന്റെയോ ജീവന്റെയോ തരഭേദത്തിലല്ല, ശരീരത്തിന്റെ സ്വഭാവത്തിലാണ്. മറ്റു ജീവികളെ അപേക്ഷിച്ചു വിശിഷ്ടതരമാണ് അവന്റെ ശരീരം. ധാർമ്മികവും ബുദ്ധിപരവുമായ കഴിവുകളും ഗുണവിശേഷങ്ങളും സംബന്ധിച്ച് അവൻ സ്രഷ്ടാവിന്റെ പ്രതിമയായിരിക്കുന്നു. ദേഹപ്രകൃതിപ്രമാണിച്ചാകട്ടെ മനുഷ്യൻ ജഡമയനായിരിക്കെ സ്രഷ്ടാവ് ആത്മശരീരിയായിരിക്കുന്നു. മുൻപുതന്നെ വ്യക്തമാക്കിക്കഴിഞ്ഞ പ്രകാരം ഭാവിജീവിതത്തെ സംബന്ധിച്ച് മനുഷ്യന്റെ പ്രത്യാശയ്ക്കടിസ്ഥാനം പ്രകൃത്യാ അവനിൽ അന്തർഭവിച്ചിരിക്കുന്ന

ഏതെങ്കിലും ഗുണവിശേഷമല്ല, മറിച്ച് മഹാവീണ്ടെടുപ്പുകാരൻമൂലം ഏവരെയും മരണത്തിൽനിന്നുദ്ധരിക്കുന്നതിനുള്ള സ്രഷ്ടാവിന്റെ കാരുണ്യവ്യവസ്ഥയാണ്. തുടർന്നു പുതിയ ഉടമ്പടിയുടെ വ്യവസ്ഥകൾക്കു വിധേയമായി പുനരുത്ഥാനം വഴി ഇച്ഛരിക്കുന്നവർക്കെല്ലാം നിത്യജീവൻ കണ്ടെത്തുന്നതിനും തദ്വാരാ കഴിയുന്നതാണ്.

നമ്മുടെ വീണ്ടെടുപ്പുകാരൻ "തന്റെ ആത്മാവിനെ (ജീവൻ) മരണത്തിന് ഒഴുക്കിക്കളഞ്ഞു" അവൻ തന്റെ ആത്മാവിനെ (ജീവൻ) ഒരുഅകൃത്യയാഗമാക്കി (യെശ. 53:10,12). അവൻ തന്റെ ആത്മാവിനെ (ജീവൻ) ഒരു അകൃത്യയാഗമായി അർപ്പിച്ചിട്ട് ആ വിശിഷ്ടരക്തം കൊണ്ടു ആദാമിന്റെ ആത്മാവിനെയാണ് (അവന്റെ സന്താനപരമ്പരയുടെയും) വിലയ്ക്കു വാങ്ങിയത്. ഇങ്ങനെ നോക്കുമ്പോൾ സൃഷ്ടമായതു ദേഹി, അകൃത്യയാഗമായതു ദേഹി, വീണ്ടുകൊള്ളപ്പെട്ടതു ദേഹി, പുനരുത്ഥാനത്തിൽ ഉണർത്തപ്പെടേണ്ടതും ദേഹി (സങ്കീ. 49:15).

**അതേ ശരീരംതന്നെയോ തിരികെ കിട്ടുന്നത്?**

പലരും ഊഹിക്കുന്നത് അടക്കപ്പെട്ട ശരീരംതന്നെ അണുവിന് അണുവായി തിരികെ നൽകപ്പെടുമെന്നാണ്. ഇതിനു വിപരീതമായി അപ്പൊസ്തലൻ പറയുന്നത് "നീ വിതയ്ക്കുന്നത് (മരണത്തിൽ) ഉണ്ടാകുവാനുള്ള ശരീരമല്ല" എന്നത്രെ. പുനരുത്ഥാനത്തിൽ ഓരോ ദേഹിക്കും സ്രഷ്ടാവ് തന്റെ അപ്രമേയജ്ഞാനത്തിനു യുക്തമെന്നു തോന്നുന്ന ശരീരം നൽകും. സുവിശേഷ യുഗത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന സഭയ്ക്കു ആത്മശരീരം ലഭിക്കും. യഥാസ്ഥാപനം പ്രാപിക്കുന്ന വിഭാഗത്തിനു മൺമയമായ ശരീരം നൽകപ്പെടും. എന്നാൽ മരണത്തിൽ പരിത്യജിച്ച അതേ ശരീരമല്ല (1 കൊരി. 15:37,38).

ആദാമിന്റെ സൃഷ്ടിയിൽ കാണുംപ്രകാരം ശരീരത്തിന്റെയും ജീവശ്വാസത്തിന്റെയും യോഗഫലമായി ആത്മാവ് അഥവാജീവി ഉളവാകുന്നു. അതുകൊണ്ട് ഏതെങ്കിലും കാരണവശാൽ അവയ്ക്കുവിയോഗം ഭവിക്കുമ്പോൾ ജീവി ഇല്ലാതാകുന്നു. വിചാരവികാരങ്ങൾ അവസാനിക്കുന്നു. ആത്മാവ് അഥവാ സചേതനസത്വം നശിക്കുന്നു. ശരീരം മുമ്പിരുന്നപ്രകാരം പൊടിയിലേക്കു മടങ്ങുന്നു. അതേസമയം ആത്മാവ് അഥവാ ജീവശ്വാസം ദൈവത്തിങ്കലേക്കു മടങ്ങുന്നു. അവനിൽ നിന്നാണല്ലോ അതു ആദാമിനും അവനിലൂടെ സന്തതിപരമ്പരയ്ക്കും ലഭിച്ചത് (സഭാ. 12:7). പ്രത്യുൽപാദനത്തിലെന്നപോലെ അത് വീണ്ടും മനുഷ്യന്റെ നിയന്ത്രണത്തിനധീനമോ ദിവ്യശക്തികൊണ്ടല്ലാതെ വീണ്ടെടുക്കാവുന്നതോ അല്ലെന്ന അർത്ഥത്തിലാണ് അതു ദൈവത്തിങ്കലേക്കു മടങ്ങുന്നു എന്നു പറയുന്നത്. ഈ

വസ്തുത അംഗീകരിച്ചുകൊണ്ടാണ് കർത്താവിങ്കൽ നിന്നു ഉപദേശം ലഭിച്ചവർ ഉയിർപ്പുമൂലമുള്ള ഭവിഷ്യായുസിനെ സംബന്ധിച്ച പ്രത്യാശ ദൈവത്തിലും ഇപ്പോൾ അവനാൽ അത്യന്തം ഉയർത്തപ്പെട്ടിരിക്കുന്ന, അവന്റെ പ്രതിപുരുഷനായ ക്രിസ്തുവിലും അർപ്പിച്ചിരിക്കുന്നത് (ലൂക്കൊ.23:46; അപ്പൊ.7:59). ആ നിലയ്ക്കു ഒരു മറുവിലയും പുനരുത്ഥാന വാഗ്ദാനവും വഴി മനുഷ്യന്റെ ഭവിഷ്യായുസിനു ദൈവം വഴിയൊരുക്കാതിരുന്നെങ്കിൽ മരണം മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷകൾക്കാകെ അന്ത്യം കുറിക്കുമായിരുന്നു (1 കൊരി. 15;14-18).

## മനുഷ്യൻ വീണ്ടും ജീവിക്കും

നാം വീണ്ടും ജീവിക്കുന്നതിന് ദൈവം ഇപ്രകാരമൊരു മാർഗ്ഗം തുറന്നിരിക്കുന്നു. അവൻ തന്റെ കരുണാപൂർവ്വമായ നിർണ്ണയം അറിയുമാറാക്കിയതിൽപ്പിന്നെ പ്രസ്തുതവിഷയം സംബന്ധിച്ചു വിവേകപൂർവ്വം പ്രതിപാദിക്കുകയും എഴുതുകയും ചെയ്തിട്ടുള്ള എല്ലാവരും ഏകസ്വരത്തിൽ മരണസന്ധ്യക്കും പുനരുത്ഥാന പുലരിക്കും മധ്യേ ദേഹി അബോധാവസ്ഥയിൽ ഇരിക്കുന്ന ഇടവേളയെ നിദ്ര എന്നു വിശേഷിപ്പിക്കുന്നു. നിശ്വസ്തരായ വേദലേഖകന്മാർ ഇതിനു ദൃഷ്ടാന്തമാണ്. തീർച്ചയായും നിദ്രയുടെ സാദൃശ്യം വളരെ യോജിച്ചതുതന്നെ. അവർ ഉണരുന്ന സമയം അവർ മരണനിദ്രയിൽ പ്രവേശിച്ചതിന്റെ ഉത്തരക്ഷണമെന്നേ തോന്നൂ. കാരണം മൃതന്മാർ കാലഗതിയെപ്പറ്റിതെല്ലും ബോധവാന്മാരല്ലല്ലൊ.

ഉദാഹരണത്തിന് ലാസറിന്റെ മരണത്തെ പരാമർശിച്ചു നമ്മുടെ കർത്താവു പറഞ്ഞു: "നമ്മുടെ സ്നേഹിതനായ ലാസർ നിദ്രകൊള്ളുന്നു. ഞാനവനെ നിദ്രയിൽ നിന്നുണർത്തുവാൻ പോകുന്നു". ഇതിന്റെ അർത്ഥം ശിഷ്യന്മാർക്കു ദുർഗ്രഹമായി തോന്നിയതുകൊണ്ടു പിന്നീടു ഗുരു സ്പഷ്ടമായി പറഞ്ഞു; "ലാസർ മരിച്ചിരിക്കുന്നു" (യോഹ.11:11,14). മരണശേഷവും മനുഷ്യൻ ബോധാവസ്ഥയിൽ കഴിയുന്നു എന്നസിദ്ധാന്തം വാസ്തവമായിരുന്നെങ്കിൽ ആ നാലുദിവസത്തെ അനുഭവങ്ങളുടെ വിവരണത്തിനു ലാസർ മുതിരാതിരുന്നത് വിചിത്രമായി തോന്നുന്നില്ലേ? കർത്താവു അവനെ നമ്മുടെ സ്നേഹിതൻ എന്നുവിശേഷിപ്പിക്കുന്നതുകൊണ്ടു അവൻ നരകയാതനയിലായിരുന്നു എന്നാരും വാദിക്കയില്ല. മറിച്ചവൻ സ്വർഗ്ഗീയ സൗഭാഗ്യത്തിലായിരുന്നെങ്കിൽ കർത്താവ് അതിൽനിന്നു അവനെ ഒരിക്കലും മടക്കിവിളിക്കുമായിരുന്നില്ല. അത് സുഹൃത് ധർമ്മമല്ലല്ലൊ. എന്നാൽ കർത്താവു പ്രസ്താവിച്ച പ്രകാരം ലാസർ ഉറങ്ങുകയായിരുന്നു. അവൻ അവനെ ജീവിതത്തിലേക്കു അഥവാ ബോധാവസ്ഥയിലേക്കു ഉണർത്തി. അവന്റെ ആത്മാവ് അഥവാ ബോധ

ജീവിതം തിരിച്ചുവന്നു. ഇത് തീർച്ചയായും ലാസറിന്റെയും സുഹൃത്തുക്കളുടെയും ദൃഷ്ടിയിൽ സ്വാഗതാർഹമായ ഒരു കാരുണ്യമായിരിക്കും.

**മരിച്ചവർ നിദ്രകൊള്ളുന്നതായി വർണ്ണിക്കപ്പെടുന്നു.**

ഉണർത്തലിനും പുനരുത്ഥാനത്തിനും പുലരിയോടുള്ള താരതമ്യംകൊണ്ടു നാം ജീവിക്കുന്ന ഇക്കാലം മരണത്തിന്റെയും നിദ്രയുടെയും രാത്രിയാണെന്ന ആശയം തിരുവെഴുത്തുകളിൽ ഉടനീളം വ്യാപിച്ചുകിടക്കുന്നു. "സന്ധ്യയിങ്കൽ കരച്ചിൽ വന്നു രാപാർക്കും, ഉഷസ്സിങ്കലോ ആനന്ദഘോഷം വരുന്നു" (സങ്കീ. 30:5). ഒന്നാമത്തെ രക്തസാക്ഷിയായ സ്തെഫാനോസിനെ സംബന്ധിച്ചു ലൂക്കൊസ് രേഖപ്പെടുത്തുന്നത് "അവൻ നിദ്ര പ്രാപിച്ചു" എന്നത്രെ. അന്ത്യോഖ്യയിൽ വച്ചുള്ള പൗലൊസിന്റെ പ്രസംഗത്തിലും ഉചിതവും ആശാവഹവും ആശ്വാസദായകവുമായ ഇതേ അലങ്കാരപ്രയോഗം കാണാം:- "ദാവീദ് നിദ്രപ്രാപിച്ചു" (അപ്പൊ. 7:60;13:36). വി. പത്രൊസും ഇങ്ങനെ തന്നെ പറയുന്നു: "പിതാക്കൻമാർ നിദ്ര കൊണ്ടശേഷം" (2 പത്രൊ. 3:4). താഴെ കൊടുക്കുന്ന വേദഭാഗങ്ങളിൽ കാണും പ്രകാരം വി.പൗലൊസും ഇത് ആവർത്തിക്കുന്നു.

"അവരിൽ അധികംപേരും ഇന്നുവരെ ഉണ്ട്. എന്നാൽ ചിലരോ നിദ്ര പ്രാപിച്ചിരിക്കുന്നു"(1 കൊരി.15:6).

"പുനരുത്ഥാനം ഇല്ലെങ്കിൽ ക്രിസ്തുവിൽ നിദ്രകൊണ്ടവരും നശിച്ചുപോയി" (1 കൊരി. 15:13,18). "എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരിൽ നിന്നു ഉയിർത്തിരിക്കുന്നു" (1 കൊരി.15:20).

"കണ്ടാലും ഞാൻ ഒരു മർമ്മം നിങ്ങളോടുപറയാം. നാം എല്ലാവരും നിദ്രകൊള്ളുകയില്ല" (1 കൊരി. 15:52).

"സഹോദരന്മാരെ, നിങ്ങൾ നിദ്രകൊള്ളുന്നവരെക്കുറിച്ച് അജ്ഞരായിരിക്കരുതെന്നു ഞാൻ ആഗ്രഹിക്കുന്നു" (1 തെസ്സ. 4:13).

യേശുവിൽ നിദ്രകൊള്ളുന്നവരെയും ദൈവം അവനോടുകൂടെ (അവൻമൂലം) (മരണത്തിൽ നിന്നു മടക്കി) വരുത്തും (1 തെസ്സ 4:14).

രാജ്യത്തിന്റെ അഥവാ പുനരുത്ഥാനത്തിന്റെ കാലമായിക്കഴിഞ്ഞാൽ "കർത്താവിന്റെ സാന്നിദ്ധ്യംവരെ ജീവനോടെ ശേഷിക്കുന്ന നാം നിദ്രകൊണ്ടവർക്കു മുമ്പാകയില്ല" (1 തെസ്സ. 4:15).

ക്രിസ്തുവിൻ നാൾ അഥവാ സഹസ്രാബ്ദദിനം എന്നർത്ഥമായ കർത്താവിന്റെ ദിവസത്തെ പ്രതീക്ഷിച്ചുകൊണ്ടു അവർ സമാധാനത്തിൽ നിദ്ര അടഞ്ഞു. അവർ അവങ്കൽ ഭരമേൽപ്പിച്ചതിനെ ആ നാളിലേക്കു കാപ്പാൻ അവൻ പ്രാപ്തനെന്ന് അവർ ഉറപ്പായിനിർണ്ണയിച്ചിരുന്നു (2 തിമൊ. 1:12). പുനരുത്ഥാനത്തിന്റെ സുവിശേഷം ദൈവം ആദ്യമായി അബ്രാഹാമിനോട്

ഘോഷിച്ച സമയം മുതൽ ഈ ആശയം പഴയനിയമത്തിലും ഉടനീളം കാണാം. "അവൻ തന്റെ പിതാക്കന്മാരോടുകൂടി നിദ്രകൊണ്ടു" എന്ന പ്രയോഗം പഴയനിയമത്തിൽ സർവ്വസാധാരണമാണ്. എന്നാൽ ഈ വസ്തുത ജോബ് വളരെ ശക്തമായ ഭാഷയിൽ ഇങ്ങനെ പറയുന്നു: "ഹാ, നിന്റെ ക്രോധം കടന്നുപോകും വരെ ഒളിവിൽ ഇരിക്കേണ്ടതിന് എന്നെ നീ ശവകുടീരത്തിൽ മറച്ചുവച്ചിരുന്നെങ്കിൽ!".

ഇവിടെപറയുന്ന ദൈവത്തിന്റെ ക്രോധകാലം മരണം നിലവിലിരിക്കുന്ന വർത്തമാനകാലംതന്നെ. ആദ്യലംഘനംമൂലം മരണമാകുന്ന മഹാശാപം എല്ലാവരുടെമേലും വാഴുന്നതുകൊണ്ടുതന്നെയാണ് അങ്ങനെ പറയുന്നത്. എങ്ങനെ ആയാലും ശാപം യഥാകാലം ദൂരികരിക്കപ്പെടുമെന്നും ഉദ്ധാരകൻ വഴി ഭൂഗോത്രങ്ങളെല്ലാം അനുഗ്രഹിക്കപ്പെടുമെന്നും ഉള്ള വാഗ്ദാനം നമുക്കുണ്ട്. അതുകൊണ്ട് ജോബ് തുടർന്നു പറയുന്നു. "എനിക്കുമാറ്റം വരുവോളം നിശ്ചിതകാലാവധി മുഴുവൻ ഞാൻകാത്തിരിക്കും, (അപ്പോൾ) നീ വിളിക്കും (യോഹ.5:25). ഞാൻ ഉത്തരം നൽകും. നിന്റെ കൈകളുടെ പ്രവൃത്തിയോട് നിനക്ക് താല്പര്യം ഉണ്ടാകും" (ജോബ്. 14:13-15). പുതിയ നിയമകാലഘട്ടത്തിൽപ്പെട്ട നമുക്കാകട്ടെ ഇതേപ്പറ്റി കർത്താവിന്റെ പ്രസ്താവനയുണ്ട്. "കല്ലറകളിൽ ഉള്ളവർ എല്ലാവരും ദൈവപുത്രന്റെ ശബ്ദം കേൾക്കും" (യോഹ. 5:28,29). ഉണരുന്നതിനും ദൈവത്തെ സംബന്ധിച്ച പൂർണ്ണപരിജ്ഞാനത്തിലേക്കും നിത്യജീവൻ നേടുന്നതിനുള്ള മതിയായ അവസരത്തിലേക്കും എത്തുന്നതിനുമായി വിളിക്കുന്ന ശബ്ദംതന്നെ.

### മെഴുകുതിരിയുടെ ദൃഷ്ടാന്തം

മനുഷ്യരുടെയും ജന്തുക്കളുടെയും ശരീരാത്മ ദേഹികളെ ലളിതവും എളുപ്പം മനസ്സിലാക്കാവുന്നതുമായ ഒരു ദൃഷ്ടാന്തം കൊണ്ടു വിശദീകരിക്കാം. ഉദാഹരണത്തിന് നിർജ്ജീവമായ ശരീരത്തെ കത്തിക്കാത്തമെഴുകുതിരിയോട് ഉപമിക്കാം. തിരികൊളുത്തുന്നത് ആദിയിൽ സ്രഷ്ടാവിൽനിന്നും കൈവന്ന ജീവദാനത്തിന്റെ സ്ഥാനത്തു കൽപ്പിക്കാം. നാളം അഥവാ പ്രകാശം ഇന്ദ്രിയ വ്യാപാരങ്ങളോടുകൂടിയ ജീവി അഥവാ ആത്മാവിനു തുല്യമാണ്. ജ്വാലയുടെ സന്ധാരണം അന്തരീക്ഷത്തിലെ പ്രാണവായുവിനു മെഴുകുതിരിയിലെ കരിയുമായുള്ള (ഇംഗാലം) രാസയോഗത്തെ ആശ്രയിച്ചിരിക്കുന്നു. അതുപോലെ ജീവശ്വാസം അഥവാ ജീവശക്തി ശരീരത്തിൽ പ്രവർത്തിക്കുന്നതിന്റെ ഫലമാണ് ആത്മാവ് അഥവാ ചേതനധർമ്മങ്ങളോടുകൂടിയ ജീവി. അപകടവശാൽ മെഴുകുതിരി നശിച്ചുപോകുന്ന പക്ഷം ജ്വാല നിശ്ചയമായും അണഞ്ഞുപോകും. അങ്ങനെ തന്നെ മനുഷ്യന്റെയാകട്ടെ മൃഗത്തിന്റെയാകട്ടെ ദേഹത്തിനും രോഗബാധയാലോ അപ

കടത്താലോ നാശം നേരിട്ടാൽആത്മാവ് അഥവാ ബോധവത്തായ ജീവി അവശേഷിക്കില്ല.

അഥവാ ഒരു തീ കെടുത്തിക്കൊണ്ടോ അടനാഴി ഉപയോഗിച്ച് വെള്ളത്തിൽ മുക്കിയിട്ടോ ജ്വാലയുമായുള്ള വായുബന്ധം വിഛേദിച്ചാൽ തിരി കേടുപാടുകൂടാതിരുന്നാലും ജ്വാല കെട്ടതുതന്നെ. അപ്രകാരംതന്നെ വെള്ളത്തിൽ മുങ്ങിയോ വായു സഞ്ചാരത്തിനു പ്രതിബന്ധം നേരിട്ടോ ജീവശ്വാസം തടസ്സപ്പെട്ടാൽ ദേഹത്തിന് താരതമ്യേന തകരാറൊന്നുമില്ലാതിരുന്നാലും ആത്മാവ് അഥവാ ജീവൻ അഥവാ ആസ്തിക്യം അവസാനിക്കുന്നു. മനുഷ്യനായാലും മൃഗമായാലും ഇക്കാര്യത്തിൽ ഭേദമില്ല. കത്തിയ തീയിൽ നിന്ന് അനുകൂല സാഹചര്യങ്ങളിൽ മറ്റുതിരികളിലേക്കു ജ്വാലപകരാം. അതു പോലെ മനുഷ്യ ശരീരത്തിനും ജന്തുശരീരത്തിനും ചേതനാവസ്ഥയിൽ ഒരു ജീവാത്മാവായിരിക്കെ ദിവ്യ വ്യവസ്ഥാനുസരണം മറ്റാത്മാക്കൾക്കു അഥവാ സന്താനങ്ങൾക്കു ജന്മം നൽകാൻ കഴിയും. എന്നാൽ ജ്വാല ഒരിക്കൽ അണഞ്ഞുപോയാൽ തിരിക്കുവീണ്ടും സ്വയംജ്വലിക്കുന്നതിനോ മറ്റുതിരികളിൽ ജ്വാലപകരുന്നതിനോകഴിയാത്തപ്രകാരം ജീവസ്ഫുല്ലിംഗം ഒരിക്കൽ കെട്ടുപോയാൽ മനുഷ്യനായാലും മൃഗമായാലും സചേതനസത്വം ഇല്ലാതാകുന്നു. വിചാര വികാര പ്രത്യുൽപ്പാദനശക്തികളാകെ അസ്തമിക്കുന്നു.

യാക്കോബിന്റെ മക്കളെപ്പറ്റിയുള്ള പ്രസ്താവം ഇതിനോടു യോജിക്കുന്നു. യാക്കോബിന്റെ കടി പ്രദേശത്തുനിന്നുത്ഭവിച്ച ദേഹികൾ (ആത്മാക്കൾ) എല്ലാം കൂടെ എഴുപതുപേർ ആയിരുന്നു (പുറ.1:5). ജീവസ്ഫുലിംഗവും ശരീരഘടനയും ജീവശരീരങ്ങളുടെ യോഗഫലമായി ആത്മാവ് അഥവാ ഇന്ദ്രിയബോധവിശിഷ്ടനായ ജീവി എന്ന അവസ്ഥയും യാക്കോബിനു ലഭിച്ചത് ഇസ്ഹാക്കിൽ നിന്നാണ്. അവിടെനിന്നും നാം ആദാമിലെത്തുന്നു. ആദാമിനു മാത്രമാണ് ദൈവം നേരിട്ടു ജീവദാതാവായിട്ടുള്ളത്. യാക്കോബ് ജീവനും ദേഹവും ആത്മാവും സന്തതികൾക്കു പകർന്നുകൊടുത്തു. മുഴുവൻ മാനവരാശിയെ സംബന്ധിച്ചും ഇങ്ങനെ തന്നെ.

ഒരു മെഴുകുതിരി വീണ്ടും കത്തിക്കാൻ അതിനു ശേഷിയുള്ള ആർക്കും സാധിക്കും. എന്നാൽ ജീവസ്ഫുലിംഗം അണയുന്നതോടെ ദിവ്യനിയോഗപ്രകാരം മനുഷ്യശരീരം അഴിഞ്ഞുപോകുന്നു. അതിനെ എടുത്ത പൂഴിയിലേക്കു അതു മടങ്ങുന്നു. അമാനുഷശക്തി അഥവാ ഒരു അത്ഭുതം കൊണ്ടല്ലാതെ ജീവന്റെ ദീപ്തി വീണ്ടും കൊളുത്താനാവുകയില്ല. തൻമൂലം പുനരുത്ഥാന വാഗ്ദാനമെന്നത് ജീവന്റെ നാളം പിന്നെയും കൊളുത്തു

മെന്ന വാഗ്ദാനംതന്നെ, ആതായത് ആത്മാവിന്റെ അഥവാ ആസ്തിക്യ ത്തിന്റെ പുനരാവിഷ്ക്കരണം തന്നെ. ജീവശരീരങ്ങളുടെ പുനർയോഗം കൊണ്ടല്ലാതെ വീണ്ടും ഒരു ആത്മാവ് അഥവാ ജീവി ഉണ്ടാകാൻ വഴിയി ല്ലാത്തതുകൊണ്ട് പുനരുത്ഥാന വാഗ്ദാനത്തിൽ പുതിയ ശരീരങ്ങളുടെ വാഗ്ദാനവും അന്തർഭവിച്ചിരിക്കുന്നു. മണ്ണിലേക്കു മടങ്ങിച്ചേരുന്ന മനുഷ്യ ശരീരങ്ങൾ തിരിച്ചു നൽകപ്പെടുന്നില്ലെന്നും പുനരുത്ഥാനത്തിൽ ദൈവം തനിക്കു യുക്തമെന്നു തോന്നുന്നവിധമുള്ള പുതിയ ശരീരങ്ങൾ പ്രദാനം ചെയ്കയാണെന്നും തിരുവെഴുത്തുകൾ ഇങ്ങനെ നമുക്ക് ഉറപ്പുതരുന്നു (1 കൊരി. 15:37-40).

പുനരുത്ഥാനത്തിൽ മാനുഷമോ ജഡീയമോ അല്ലാതെ ആത്മീയമായ പുതിയൊരു പ്രകൃതിക്കു അർഹരായ ഒരു പ്രത്യേക വിഭാഗം ഉണ്ടായിരി ക്കുമെന്നു ഈ പ്രകൃതത്തിൽ അപ്പൊസ്തലൻ നമ്മുക്ക് ഉറപ്പു നൽകുന്നു. നമുക്കു പ്രതീക്ഷിക്കാവുന്നതുപോലെ ഈ വലിയ പ്രകൃതിമാറ്റം സാധ്യ മാകുന്നത് അവർക്ക് വ്യത്യസ്ത സ്വഭാവമുള്ള ശരീരം പ്രധാനം ചെയ്യുക വഴിയാണ്. മെഴുകുതിരിയുടെ ദൃഷ്ടാന്തം ഇവിടെയും യോജിക്കും. ജഡ സ്വഭാവത്തിലുള്ള മനുഷ്യപ്രകൃതിയെ എണ്ണത്തിരിയോടു സാദൃശ്യപ്പെടു ത്താമെങ്കിൽ ആത്മീയമായ പുതിയ പ്രകൃതിയിലുള്ള ശരീരത്തെ ഉജ്ജ്വല പ്രഭമായ മെഴുകുതിരിയോടോ വൈദ്യുത ദീപ്തിയോടോ ഉപമിക്കാം. പുന രുത്ഥാനത്തിന്റെ ഈ ഉറപ്പ്, ജ്ഞാനത്തിലും ശക്തിയിലും നമ്മുടെ സ്രഷ്ടാ വിൽ താഴെയായ ആരിൽ നിന്നെങ്കിലുമായിരുന്നെങ്കിൽ നമ്മുടെ വ്യക്തി ബോധത്തിനു വല്ലവിധത്തിലും ഭംഗം നേരിട്ടേക്കുമോ എന്ന ഭയം ന്യായ മായും ജനിക്കുമായിരുന്നു. ആത്മജീവികളുടെ പടിയിലേക്കുള്ള ആ വലിയ പ്രകൃതി മാറ്റത്തിനു വിധേയരാകുന്നവരുടെ കാര്യത്തിൽ ഈ ഭയം വിശേ ഷിച്ചും സംഗതമാണ്. എന്നാൽ ഇക്കാര്യത്തിൽ നമുക്കു ആരുമായിട്ടാണോ കാര്യമുള്ളത് ആ സ്രഷ്ടാവിന് മറ്റെല്ലാമെന്നതുപോലെ ഇതും വിശ്വാസപൂർവ്വം വിട്ടുകൊടുക്കാം. നമ്മുടെ വിചാരങ്ങൾ പോലും ആരാ ഞ്ഞറിയാൻ കഴിയുന്ന മഹാജ്ഞാനിയായ സ്രഷ്ടാവിന് വിലപ്പെട്ട യാതൊരു അനുഭവപാഠങ്ങളും വിട്ടുകളയാത്ത നിലയിൽ നമ്മുടെ മസ്തിഷ്ക്കം വീണ്ടും സൃഷ്ടിക്കാൻ കഴിയും. തെറ്റു പറ്റാൻ കഴി യാത്തവണ്ണം അവന്റെ ജ്ഞാനം അപ്രമേയമാണ്. നിർദ്ദയനാവാൻ കഴിയാ ത്തവണ്ണം അവൻ ഗുണവാനാണ്. നമുക്കു ആഗ്രഹിക്കാനോ വിചാരി ക്കാനോ കഴിയുന്നതിലും അത്യന്തം ഉപരിയായ നിലയിൽ അവന്റെ വാഗ്ദാ നങ്ങളെല്ലാം അവൻ പാലിക്കും.

## ദേഹം ദേഹി ആത്മാവ്

ദേഹം, ദേഹി, ആത്മാവ് ഈ പദങ്ങൾ സഭയെ ഒരുഗണം എന്നനിലയിൽ ഒന്നാകെപറയുന്നതിന് ഉപയുക്തമാണ്. ഉദാഹരണത്തിന് അപ്പൊസ്തലൻ പറയുന്നു – നിങ്ങളുടെ ആത്മാവും, ദേഹിയും, ദേഹവും മുഴുവനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വരവോളം അനിന്ദ്യമായി കാക്കപ്പെടുമാറാകട്ടെ എന്നു ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു (1 തെസ്സ. 5:23). സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ടതും, തെരഞ്ഞെടുക്കപ്പെട്ടതുമായ സഭയെ ഒന്നാകെ കുറിക്കുന്നതായി ഈ പ്രാർത്ഥനയെ കണക്കാക്കാം. ചെറിയ ആട്ടിൻകൂട്ടത്തിൽ ശരിയായി ആത്മാവ് അധിവസിക്കുന്നു. കളകളുടെ പെരുപ്പം കൊണ്ട് മറയ്ക്കപ്പെടുകയും ശ്വാസം മുട്ടുകയും ചെയ്താലും സഭാ ശരീരത്തെ വേർതിരിച്ചു കാണാൻകഴിയുന്നുണ്ട്. അതിന്റെ ദേഹി അഥവാ പ്രവർത്തനം–ചൈതന്യസത്ത– എവിടെയും പ്രകടമാണ്. ജനങ്ങൾക്ക് ഒരു കൊടിയായി ക്രൂശിനെ–മറുവിലയെ–ഉയർത്തിപ്പിടിക്കുന്നതാണ് അതിന്റെ ദേഹിയുടെ ലക്ഷ്യം. വിശുദ്ധപൗലൊസിന്റെ ഈ വാക്കുകളെ മറ്റൊരുവിധത്തിലും ധരിക്കാവുന്നതല്ല. അപ്പൊസ്തലൻ ആരോട് സംസാരിക്കുന്നുവോ അവരുടെ ആത്മാക്കളും ദേഹികളും വ്യക്തിപരമായിത്തന്നെ കർത്താവിന്റെ വരവോളം അനിന്ദ്യമായി കേടുപാടുകൾ കൂടാതെ–കാത്തുസൂക്ഷിക്കപ്പെടുമോ എന്നകാര്യത്തിൽ എത്ര ഭിന്നാഭിപ്രായങ്ങൾ ഉണ്ടായാലും അവരുടെ ശരീരങ്ങൾ മറ്റുള്ളവരുടേത് എന്നപോലെ മണ്ണായിക്കഴിഞ്ഞു എന്നതിൽ പക്ഷാന്തരമില്ല. കൂടാതെ ദേഹം, ദേഹി, ആത്മാവ് എന്നപദങ്ങൾ ബഹുവചനത്തിൽ അല്ല ഏകവചനത്തിലാണ്.

## ഏതാനും ചോദ്യോത്തരങ്ങൾ

ചില ചോദ്യങ്ങളും അവയ്ക്ക് തിരുവെഴുത്തു നൽകുന്ന മറുപടികളും ഈ വസ്തുതകളെ കുറേക്കൂടി തെളിവാക്കും. അതുകൊണ്ട് അതിനുദ്യമിക്കുന്നു.

ചോ: സുവിശേഷയുഗത്തിലെ വിശുദ്ധന്മാർക്കുള്ള വാഗ്ദത്തങ്ങൾ സ്വർഗീയമോ ഭൗമികമോ?

ഉ: "നാം മണ്ണുകൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചതുപോലെ സ്വർഗ്ഗീയന്റെ പ്രതിമയും ധരിക്കും". "സ്വർഗ്ഗീയ വിളിക്ക് ഓഹരിക്കാരാണ്" (1 കൊരി.15:49; എബ്രാ. 3:1; 2 തിമൊ. 4:18; എബ്രാ. 6:4; ഫിലി.3:14; എഫെ. 2:6,7; 2 തെസ്സ. 1:11,12; 2 തിമൊ. 1:9,10).

ചോ: "ജേതാക്കളും" "വിശുദ്ധരും" ആയ "തെരഞ്ഞെടുക്കപ്പെട്ട

സഭ" "ഭൂമിയിൽനിന്നുമണ്ണുകൊണ്ടുള്ളവരായി" മാനുഷജീവികളായി തുടരുമോ?

ഉ: "അവയാൽ അവൻ നമുക്ക് വിലയേറിയതും" അതിമഹത്തുമായ വാഗ്ദത്തങ്ങളും നൽകിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൻ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ട് ദിവ്യസ്വഭാവത്തിന് കൂട്ടാളികളായി തീരുവാൻ ഇടവരുന്നു (2 പത്രൊ. 1:4). "അവർ ക്രിസ്തുവിൽ പുതിയ സൃഷ്ടികളും ആകുന്നു" (2 കൊരി. 5:17). "അവർക്ക് തേജസ്കരണവും, ദൈവത്തോടും ക്രിസ്തുവിനോടും കൂട്ടവകാശവും ലഭിക്കും" (റോമ. 8:17,18).

ചോ: ആത്മാവിൽ നിന്നുള്ള ഉല്പാദനവേളയിൽ ആരംഭിച്ച ഈ അവസ്ഥാന്തരം എപ്പോൾ പൂർത്തിയാകും? അവരുടെ നായകനായ ക്രിസ്തുവിനോട് അവർ അനുരൂപരാകുന്നത് എപ്പോൾ?

ഉ: "നാം (വിശുദ്ധന്മാർ) എല്ലാവരും രൂപാന്തരപ്പെടും. മരിച്ചവർ (വിശുദ്ധന്മാരായ) അക്ഷയരായി ഉയിർക്കുകയും നാം കണ്ണിമയ്ക്കും അളവിൽ രുപാന്തരപ്പെടുകയും ചെയ്യും........ "ഈ മർത്യമായത് അമർത്യതയെ ധരിക്കും". "പ്രാകൃത ശരീരം വിതയ്ക്കപ്പെടുന്നു. ആത്മീക ശരീരം ഉയിർപ്പിക്കപ്പെടുന്നു''. അങ്ങനെയാണ് മരിച്ചവരുടെ (തിരഞ്ഞെടുക്കപ്പെട്ട പ്രത്യേകഗണത്തിന്റെ വിശേഷ) പുനരുത്ഥാനം (1 കൊരി.15:42-44,50-53; ഫിലി. 3:11).

## തിരഞ്ഞെടുപ്പിൽ പെടാത്തവർക്കുള്ള പ്രത്യാശ

ചോ: സുവിശേഷയുഗത്തിൽ തിരഞ്ഞെടുക്കപ്പെടാത്തവർക്ക് അവശേഷിച്ചിരിക്കുന്നപ്രത്യാശ എന്ത്?

ഉ: ''സർവ്വസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവിൽ ഇരിക്കുന്നു എന്നുനാം അറിയുന്നുവല്ലോ". "ദൈവപുത്രന്മാരുടെ പ്രത്യക്ഷതയെ ആകാംക്ഷയോടെ കാത്തിരിക്കുന്നു"(റോമ.8:19,22). "ലോകാരംഭം മുതൽ ദൈവം തന്റെ വിശുദ്ധ പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്ത എല്ലാറ്റിന്റെയും യഥാസ്ഥാപന കാലങ്ങൾ" അപ്പോൾ സമാഗതമാകും. അപ്പൊ. 3:19-21; "അബ്രഹാമിന്റെ സന്തതിമുഖാന്തരം സർവ്വഭൂഗോത്രങ്ങളും അനുഗ്രഹിക്കപ്പെടും" (ഉല്പ. 22:16-18; ഗലാ: 3:16,29 ).

ചോ: മരിച്ചവർ ബോധാവസ്ഥയിലോ, അബോധാവസ്ഥയിലോ?

ഉ: മരിച്ചവർ ഒന്നും അറിയുന്നില്ല (സഭാ. 9:5; സങ്കീ. 146:4; യെശ. 38:18,19; ഇയ്യോ.14:21).

ചോ: മരിച്ചുപോയവിശുദ്ധന്മാർ കഴിഞ്ഞകാലഘട്ടങ്ങൾ അത്രയും ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കുകയാണോ?

ഉ: മരിച്ചവർ യഹോവയെ സ്തുതിക്കുന്നില്ല (സങ്കീ.6:5;115:17; സഭാ. 9:6).

ചോ. പ്രതിഫലങ്ങൾ മരണത്തിലോ ഉയിർപ്പിലോ? പ്രതിഫലമോ ശിക്ഷയോ പുനരുത്ഥാനത്തിന് മുൻപു പ്രതീക്ഷിക്കാമോ?

ഉ: "നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്കു പ്രതിഫലമുണ്ടാകും" (ലൂക്കൊ. 14:14; വെളി.11:18; മത്താ.16:27).

ചോ: പ്രവാചകന്മാർ അവരുടെ മരണവേളയിൽത്തന്നെ തങ്ങളുടെ പ്രതിഫലം പ്രാപിച്ചോ? അതോ സഹസ്രാബ്ദമാകുന്ന ന്യായവിധി ദിവസത്തിൽ നൽകുന്നതിനായി ദൈവം തന്റെ നിർണ്ണയത്തിൽ കരുതി വെച്ചിരിക്കുകയാണോ?

ഉ: "മരിച്ചവരെ ന്യായം വിധിക്കുന്നതിനും, പ്രവാചകന്മാരായ നിന്റെ ഭക്തന്മാർക്കു പ്രതിഫലം കൊടുക്കുന്നതിനുമുള്ളകാലവും വന്നു" ഇത് അന്ത്യകാഹളനാദത്തിങ്കൽ സുവിശേഷയുഗത്തിന്റെ അറുതിയിൽ അത്രെ (സങ്കീ.17:15; വെളി.11:15,18).

ചോ: മരണവേളയിൽ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊള്ളപ്പെടുമെന്ന് അപ്പൊസ്തലന്മാരോട് കർത്താവ് വാഗ്ദാനംചെയ്തിരുന്നോ? അതോ യേശുവിന്റെ പുനരാഗമനംവരെ അവർഅതിനായി കാത്തിരിക്കേണ്ടിയിരുന്നോ?

ഉ: ഞാൻ പോകുന്നിടത്ത് നിങ്ങൾക്കുവരുവാൻ കഴിയുകയില്ല എന്നു ഞാൻ യഹൂദന്മാരോടു പറഞ്ഞതുപോലെ ഇന്ന് നിങ്ങളോടും പറയുന്നു. ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിന് വീണ്ടും വന്ന് നിങ്ങളെ എന്റെയടുക്കൽ ചേർത്തുകൊള്ളും (യോഹ.13:33;14:3).

ചോ: നമ്മുടെ കർത്താവിന്റെ പുനരാഗമന വേളയിലൊഴികെയുള്ള സുവിശേഷയുഗ വിശുദ്ധന്മാർ മരണവേളയിൽ കിരീടം പ്രാപിക്കുമെന്ന് പ്രതീക്ഷിക്കുന്നത് ഉചിതമോ?

ഉ: ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും (1 പത്രൊ. 1:3–5; 5:4; 2 തിമൊ. 4:8).

ചോ: അപ്പൊസ്തലന്മാർ എപ്പോൾ തേജസ്സു പ്രാപിക്കുമെന്നാണ് പ്രതീക്ഷിച്ചിരിക്കുന്നത്? മരണസമയത്തോ? ക്രിസ്തുവിന്റെ രണ്ടാം വരവിലോ?

ഉ: "നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടി തേജസ്സിൽ വെളിപ്പെടും" (കൊലൊ. 3:4; 1 യോഹ. 3:2).

ചോ: വിശുദ്ധന്മാർ മരണത്തിങ്കലാണോ തേജസ്സണിയുന്നത്?

ഉ: "നിലത്തിലെ പൊടിയിൽ നിദ്ര കൊള്ളുന്നവരിൽ പലരും ഉണരും" "ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെ (സൂര്യനെപ്പോലെ) ശോഭിക്കും" (ദാനി. 12:2,3; മത്താ. 13:40–43).

ചോ: പുരാതന വീരന്മാർക്കു പ്രതിഫലം മരണാവസരത്തിൽ ലഭിച്ചോ?

ഉ: നമ്മെക്കൂടാതെ രക്ഷാപൂർത്തി പ്രാപിക്കാതിരിക്കേണ്ടതിന് ഏറ്റവും നല്ലതൊന്ന് ദൈവം നമുക്കുവേണ്ടികരുതി. അവർ എല്ലാവരും വാഗ്ദത്ത നിവൃത്തി പ്രാപിക്കാതെ വിശ്വാസത്തിൽ മരിച്ചു (എബ്രാ. 11:13,39,40).

### ദാവീദു സ്വർഗ്ഗത്തിലല്ല

ചോ: വിശുദ്ധ പ്രവാചകന്മാരിൽ ഒരുവനായ ദാവീദ് പ്രതിഫലം എന്ന നിലയിൽ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടോ?

ഉ: "ദാവീദു സ്വർഗ്ഗാരോഹണം ചെയ്തില്ലല്ലോ" (അപ്പൊ. 2:34).

ചോ: നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണകാലം വരെ എത്ര പേർ സ്വർഗ്ഗത്തിൽ പ്രവേശിച്ചിട്ടുണ്ട്?

ഉ: "സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നവനായ മനുഷ്യപുത്രനല്ലാതെ ആരും സ്വർഗ്ഗത്തിൽ കരേറീട്ടില്ല" (യോഹ. 3:13).

ചോ: മനുഷ്യനെ നിർമ്മിച്ചവന് അവനെ നിർമ്മൂലമാക്കുവാൻ കഴിയുമോ? ദേഹിയെ അതിന്റെ സൃഷ്ടാവിനു നശിപ്പിക്കുവാൻ കഴിയുമോ?

ഉ: "ദേഹിയേയും ദേഹത്തേയും ഗീഹന്നായിൽ (രണ്ടാം മരണം) നശിപ്പിയ്ക്കുവാൻ കഴിയുന്നവനെ ഭയപ്പെടുവിൻ" "അവൻ അവരുടെ ദേഹികളെ മരണത്തിൽ നിന്നു വിടുവിച്ചില്ല". "പാപം ചെയ്യുന്ന ദേഹിയോ അതു മരിക്കും" (മത്താ. 10:28; സങ്കീ. 22:29; 78:50; യെഹെ. 18:4,20; യോശു. 10:35; യെശ. 38:17; സങ്കീ. 56:13; 119:175; യെശ. 53:10,12).

ചോ: പുനരുത്ഥാനോപദേശത്തിന് എത്രമാത്രം പ്രാധാന്യമാണ് അപ്പൊസ്തലൻ കൽപ്പിക്കുന്നത്?

ഉ: "മരിച്ചവർ ഉയിർക്കുന്നില്ലെങ്കിൽ ക്രിസ്തു ഉയിർത്തിട്ടില്ല" ....അങ്ങനെയെങ്കിൽ ക്രിസ്തുവിൽ നിദ്രകൊണ്ടവരും നശിച്ചുപോയി (1 കൊരി. 15:13–18).

ചോ: നീതികെട്ടവർ ഏതോ അജ്ഞാത നരകത്തിൽ യാതന അനുഭവിക്കുകയാണോ ? അതോ മുഴുവൻ പേരും അവരുടെ അനീതിക്കുള്ള പൂർണ്ണ ശിക്ഷ ഈ ആയുസ്സിൽത്തന്നെ അനുഭവിക്കുകയാണോ ?

ഉ: "നീതികെട്ടവരെ ന്യായവിധി ദിവസത്തിലെ (സഹസ്രാബ്ദ ദിവസം)ശിക്ഷയ്ക്കായി കാപ്പാൻ കർത്താവ് അറിയുന്നുവല്ലോ (2 പത്രൊ. 2:9; ഇയ്യോ. 21:30).

### തീർത്തും ഗുണപ്പെടാത്തവർക്കു നാശം

ചോ: പരിശോധനയിൽ തീർത്തും നിർഗുണരായി, മനപ്പൂർവ്വ ദുഷ്ടന്മാരായി തെളിയുന്നവരുടെ അന്ത്യഗതി എന്തായിരിക്കും?

ഉ: "ജീവനിൽ നിന്ന് ഛേദിക്കപ്പെടും". "നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും" (ഒരു പുനരുത്ഥാനം വഴി മോചനം വരാത്ത നാശം).

കാരണം പിന്നേയും “പാപത്തിന്റെ ശമ്പളം മരണം”, “രണ്ടാം മരണം” ആയിരിക്കും. ദൈവത്തിന്റെ ദാനമായ നിത്യജീവൻ പിന്നെയും ക്രിസ്തുവിൽ കൂടെ സമ്പാദിക്കേണ്ടതുതന്നെയായിരിക്കും. “പുത്രനുള്ളവനു ജീവനുണ്ട്”, ദൈവപുത്രനില്ലാത്തവന് ആ ദാനം ലഭിക്കുകയില്ല (മത്താ. 25:46; വെളി. 20:14,15; 2 തെസ്സ. 1:9; റോമ. 6:23; 1 യോഹ. 5:12).

ചോ: ജ്വാലകൾ കത്തിക്കാളുന്നതും ശാരീരികമോ മാനസികമോ ആയ ദണ്ഡനം കൊണ്ട് പുളയുന്ന നിവാസികളുടെ നിലവിളിയും ശാപോച്ചാരണങ്ങളും കൊണ്ട് ബീഭത്സവുമായ സജീവയാതനാസ്ഥാനമാണ് പാതാളം (ഷിയോൾ) എങ്കിൽ തിരുവെഴുത്തുകൾ അതിനെ മൗനത്തിന്റെയും അന്ധതമസ്സിന്റെയും വിസ്മൃതിയുടേയും തികഞ്ഞ അബോധാവസ്ഥയുടേയും സ്ഥാനമോ, അവസ്ഥയോ ആയി പറയുന്നത് എന്തുകൊണ്ട്? (ഇയ്യോ. 10:21,22; സങ്കീ.88:3–12; 6:5; 146:4; സഭാ. 9:10; യെശ. 38:18).

ചോ: ദൈവത്തിന് ദേഹം ദേഹി ഇവ രണ്ടിനേയും രണ്ടാം മരണത്തിൽ നശിപ്പിക്കാൻ കഴിയുമെന്നും അവൻ മനപൂർവ്വമായും അറിഞ്ഞുകൊണ്ടും അധർമ്മംപ്രവർത്തിക്കുന്നവരെ നിർമ്മൂലമാക്കുമെന്നും പ്രസ്താവിക്കുന്നുവെങ്കിൽ, അതിൽ നിന്ന് തെളിയുന്നത് പാപവും യാതനകളും ഒരിക്കൽ അവസാനിക്കുമെന്നല്ലേ?

ചോ: നിങ്ങൾ ഒരു ക്രിസ്ത്യാനി ആയതിനു ശേഷമോ, ഒരുവേള അതിനു മുമ്പുതന്നെയോ, നിങ്ങളെ അലട്ടിക്കൊണ്ടിരുന്ന സംശയങ്ങളോട് ഇവയ്ക്കു നന്നേ ബന്ധമുള്ളതായി തോന്നുന്നില്ലേ? വേദം ദൈവനിശ്വസ്തമായ തിരുവെഴുത്താണെന്നവിശ്വാസത്തെ ഉറപ്പിച്ച് ദൃഢമാക്കാൻ ഈ സംശയനിവൃത്തികൾ സഹായകമാകുന്നില്ലേ? തിരുവെഴുത്തു നൽകുന്ന സംശയനിവൃത്തി ചിന്താക്കുഴപ്പത്തിൽപ്പെട്ട് സംശയാലുക്കളും സന്ദേഹവാദികളും അസ്ഥിരരുമായിരുന്ന പല ക്രിസ്തീയ സുഹൃത്തുക്കൾക്കും അനേകം നിർവിശ്വാസികൾക്കെന്നപോലെ അനുഗ്രഹപ്രദമാണ്. സത്യസന്ധനായ ഒരന്വേഷകന് ദിവ്യജ്ഞാനത്തിന്റെയും കാരുണ്യത്തിന്റെയും അനർഘഭണ്ഡാരം തുറന്നു കൊടുക്കുന്ന താക്കോൽ ഇതാണ്.

## പാപത്തിന്റെ ശമ്പളം– അത് യാതനയിലുള്ള നിത്യകാല ജീവിതമോ മരണമോ?

### I അത് യാതനയിലുള്ള നിത്യകാലജീവിതമല്ല.

A. യാതനയിൽ നിത്യമായി ജീവിക്കുകയാണ് പാപത്തിന്റെ ശമ്പളമെന്ന് തിരുവെഴുത്ത് ഒരിടത്തും പഠിപ്പിക്കുന്നില്ല.

B. ഈ ഉപദേശം വേദഭാഗങ്ങൾക്ക് വിപരീതമാണ്.

C. ഈ ഉപദേശം വേദസിദ്ധാന്തങ്ങൾക്ക് വിരുദ്ധമാണ്.

D. ഈ ഉപദേശം അതിൽ തന്നെ പൊരുത്തപ്പെടാത്തതാണ്. കാരണം അത് നടപ്പാക്കാൻ കഴിയാത്തതാണ്.

E. ഈ ഉപദേശം സമഗ്രമായ ജ്ഞാനം, സ്നേഹം എന്നീ ദൈവസ്വഭാവങ്ങൾക്കു വിരുദ്ധമാണ്.

F. ഈ ഉപദേശം ക്രിസ്തുവിന്റെ മറുവിലയ്ക്ക്, തുല്യവിലയ്ക്ക് എതിരാണ്. അവൻ മോചനമൂല്യമായിത്തീർന്നത് അവന്റെ മരണം കൊണ്ടാണ്, നിത്യയാതനകൊണ്ടല്ല.

G. ഈ ഉപദേശം സ്വസ്തബുദ്ധിക്കു ചേരുന്നതല്ല. ഇതിന്റെ ഉപദേഷ്ടാക്കൾ, യുക്തിഭംഗത്തിലും അവരുടെ അനുയായികൾ ഉന്മാദത്തിലും ചെന്നു ചേരുന്നു.

H. ഈ ഉപദേശം അനുഭവങ്ങൾക്ക് വിരുദ്ധമാണ്. വേറൊന്നായിരിക്കണം ശിക്ഷ എന്ന് അതിൽനിന്നു തെളിയുന്നു.

I. ഈ ഉപദേശം ദൈവഭക്തിക്കു ചേരാത്തതാണ്, ഇത് യഥാർത്ഥ വിശ്വാസത്തിനും, പ്രത്യാശയ്ക്കും, സ്നേഹത്തിനും ഹാനികരമാണ്. കാരണം അത് ഭീതി, അവിശ്വാസം, നിരാശ, ഹൃദയകാഠിന്യം ഇവയെ വരുത്തിവയ്ക്കുന്നു.

J. ഇത് യുക്തിവിരുദ്ധമാണ്. അവികലമായ യുക്തിബോധത്തിന്റെ മുഴുവൻ പ്രവണതകളും ഈവിധമായ ഒരു ദണ്ഡനാനീതിയെ ചെറുക്കുന്നു.

K. ഈ ഉപദേശം പാപത്തിന് അറുതിവരുമെന്ന സിദ്ധാന്തത്തിന് എതിരാണ്.

L. ഈ ഉപദേശം തിന്മയ്ക്ക് അറുതി വരുമെന്ന സിദ്ധാന്തത്തിന് എതിരാണ്.

M. ഇത് നിത്യജീവൻ ഒരുപ്രതിഫലമാണന്ന ഉപദേശത്തിന് എതിരാണ്.

N. ഇതു സാത്താന്റെയും വീഴ്ച്ച ഭവിച്ച ദൂതന്മാരുടെയും ദുരുപദേശമാണ്.

O. ഇത് ഒരു ജാതീയ സിദ്ധാന്തമാണ്.

P. കർത്താവിന്റെ ആത്മാവില്ലാത്തവരും ദുഷ്ടന്റെ ആത്മാവ് നിറഞ്ഞവരുമായ ആളുകൾക്ക് ഈ ഉപദേശം മതപീഢനത്തിനു പ്രേരകമായിട്ടുണ്ട്.

Q. ഇതു പുരോഹിതതന്ത്രത്തിന്റെ ഒരു ആയുധമാണ്.

R. ഇത് പാപത്തിന്റെ യഥാർത്ഥ ശിക്ഷയുടെ സ്ഥാനത്തു പാപ്പാമതം അവതരിപ്പിക്കുന്ന ഒരു കപടരൂപമാണ്.

S. ഇതു മനുഷ്യദേഹിയുടെ പ്രകൃതിയേയും ധർമ്മങ്ങളെയും സംബന്ധിച്ചുള്ള അബദ്ധധാരണകളിൽ അടിസ്ഥാനപ്പെട്ടതാണ്.

T. ഇതു നരകത്തെ സംബന്ധിച്ച അബദ്ധ ധാരണകളിൽ അടിസ്ഥാനപ്പെട്ടതാണ്.

U. ഇതു നിത്യ ജീവനെ സംബന്ധിച്ച അബദ്ധ ധാരണയിൽ അടിസ്ഥാനപ്പെട്ടതാണ്.

V. ഇതു മരണാനന്തര ജീവിതത്തെ സംബന്ധിച്ച അബദ്ധധാരണയിൽ അടിസ്ഥാനപ്പെട്ടതാണ്

W. ഇതു അസാധുവായ വ്യാഖ്യാന സമ്പ്രദായത്തിൽ അടിസ്ഥാനപ്പെട്ടതാണ്.

X. ഇതു അബദ്ധ ഭാഷാന്തരങ്ങളിൽ അടിസ്ഥാനപ്പെട്ടതാണ്.
Y. ഇതു ആദിമഭോഷ്ക്കിന്റെ ഉൾപ്പൊരുളാണ്.
Z. ഇതു വേദോപദേശമാണന്ന വിശ്വാസം ഏറ്റവും ഉത്തമന്മാരായ പല രേയും നിരീശ്വരന്മാരാക്കിയിട്ടുണ്ട്.

## II പാപത്തിന്റെ ശമ്പളം മരണമാണ്

A. ഇതിന്റെ തെളിവുകൾ
   a. നേരേയുള്ള ഭാഗങ്ങൾ: ഉൽപ്പ. 2:17; യിരെ. 31:30; റോമ.1:32; 5:12,15,17; 6:16,21,23; 7:5; 1 കൊരി. 15:21,22,56; യാക്കോ. 1:15; 1 യോഹ.5:16.
   b. സമാന്തരഭാഗങ്ങൾ: ഉൽപ്പ. 3:19; റോമ. 1:18; 5:16,18,19.

B. ഇതിന്റെ സ്വഭാവം:
   a. ജീവനല്ല: ആവ. 30:15,19; റോമ.5:21; 6:23; 8:13; ഗലാ. 6:8.
   b. ഉൻമൂലനാശമാണ്.
      (1) നിലനില്പില്ല: ഇയ്യോ. 6:15,18; 7:9; സങ്കീ. 37:10,35,36; 49:12; 104:35.
      (2) വിനാശം: ഇയ്യോ. 31:3; സങ്കീ. 9:5; 37:38; 145:20; യെശ. 1:28; 1 കൊരി. 3:17; ഫിലി. 3:19; 2 തെസ്സ. 1:9; 1 തിമൊ. 6:9; 2 പത്രൊ. 2:1,12; 3:16.
      (3) ഒരു ദഹനം: സങ്കീ.104:35; യെശ. 1:28; എബ്രാ.12:29.
      (4) ഒരു വിഴുങ്ങൽ: യെശ. 1:20; എബ്രാ. 10:26–28.
      (5) അഴിഞ്ഞുപോകൽ: ഇയ്യോ. 4:9; 6:15,18; സങ്കീ. 73:27; സദൃ. 11:10; സങ്കീ. 37:20; മത്താ. 8:25; ലൂക്കൊ. 11:50,51; 13:33; യോഹ. 3:16.
      (6) ഒരു ഛേദനം: സങ്കീ. 37:9,22,34,38.

C. ഇതിന്റെ ഫലം: ദേഹത്തിനും ദേഹിക്കും ഒന്നുപോലെ നാശം
   a. ആത്മാവ് മരിക്കുന്നു: ഇയ്യോ.36:14; സങ്കീ. 56:13; 78:50; 116:8; യെഹെ. 18:4,20; യാക്കോ. 5:20.
   b. മൃതമായ ദേഹി സജീവമല്ല: സങ്കീ. 22:29; 30:3; 33:18,19; യെശ.55:3; യെഹെ. 13:19; 18:27.
   c. മൃതമായ ദേഹി അവശേഷിക്കുന്നില്ല: സങ്കീ. 49:8.
   d. ദുഷ്ടദേഹി നശിപ്പിക്കപ്പെടുന്നു: സങ്കീ. 35:17; 40:14; സഭാ. 6:32; യെഹെ. 22:27; മത്താ. 10:28; അപ്പൊ. 3:23; യാക്കോ. 4:12.
   e. ദുഷ്ടദേഹി ക്ഷയിച്ചുപോകുന്നു. യെശ. 10:18.
   f. ദുഷ്ടദേഹി വിഴുങ്ങപ്പെടുന്നു: യെഹ. 22:25.
   g. ദുഷ്ടദേഹി നഷ്ടപ്പെടുന്നു. മത്താ. 16:25,26 (ദേഹി എന്നതിന്റെ ഗ്രീക്കു മൂലപദം ഇവിടെ ജീവൻ എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നു).
   h. ദുഷ്ടദേഹി ഛേദിക്കപ്പെടുന്നു: ലേവ്യ. 22:3; സംഖ്യ. 15:30.

D. ഇതിന്റെ പൊരുത്തം

a. ഇതു തിരുവെഴുത്തുകളുടെ ശബ്ദമാണ്.
b. ഇതു എല്ലാ വേദഭാഗങ്ങളോടും പൊരുത്തപ്പെടുന്നു.
c. ഇതു വേദസിദ്ധാന്തങ്ങളുമായി പൊരുത്തപ്പെടുന്നു.
d. ഇതു അതിൽതന്നെ പൊരുത്തമുള്ളതാണ്. എന്തെന്നാൽ ഈ ശിക്ഷ പ്രയോഗസാധ്യമാണ്.
e. ഇതു ദൈവസ്വഭാവത്തോട് പൊരുത്തമുള്ളതാണ്.
f. ഇതു ക്രിസ്തുവിൻ മറുവിലയോട് അഥവാ അവന്റെ മരണത്തോട് പൊരുത്തമുള്ളതാണ്.
g. ഇതു സുബുദ്ധിയോടു പൊരുത്തപ്പെടുന്നതാണ്.
h. ഇതു അനുഭവ നിരീക്ഷണങ്ങളുമായി പൊരുത്തപ്പെട്ടതാണ്.
i. ഇതു ഭക്തിയുമായി പൊരുത്തപ്പെട്ടതാണ്.
j. ഇതു യുക്തിയോടു പൊരുത്തപ്പെട്ടതാണ്.
k. ഇതു പാപം ഇല്ലാതാകുമെന്ന സിദ്ധാന്തത്തോടു പൊരുത്തപ്പെട്ടതാണ്.
l. ഇതു തിന്മ ഇല്ലാതാകുമെന്ന സിദ്ധാന്തത്തോടു പൊരുത്തപ്പെട്ടതാണ്.
m. ഇതു ജീവൻ ദാനമായി ലഭിക്കുന്ന പ്രതിഫലമാണ് എന്നസിദ്ധാന്ത ത്തോടു പൊരുത്തപ്പെട്ടതാണ്.
n. ഇതു അന്ധകാരയുഗങ്ങൾക്കു മുൻപു ദൈവജനങ്ങൾ വിശ്വസിച്ചി രുന്ന ഉപദേശമാണ്.
o. ഇതു ദൈവത്തിന്റെയും അവന്റെ ദാസന്മാരുടെയും ഉപദേശമാണ്.
p. ഇതു മതസ്വാതന്ത്ര്യവും മതസഹിഷ്ണുതയും വളർത്തുന്നു.
q. ഇതു നീതി പീഠത്തിന്റെ മുമ്പിൽ മുഖപക്ഷമില്ലായ്മയെ പുലർത്തുന്നു.
r. ഇതു പാപത്തിന്റെ ശിക്ഷയെ സംബന്ധിച്ച് ക്രിസ്തുവിന്റെ ഉപദേശം ആണ്.
s. ഇതു ആത്മാവിന്റെ യഥാർത്ഥ സ്വഭാവത്തെ ആധാരമാക്കിയുള്ളതാണ്.
t. ഇതു വേദപുസ്തകത്തിൽ വിവരിക്കുന്ന പ്രകാരമുള്ള നരകോപദേ ശത്തോടു പൊരുത്തപ്പെട്ടതാണ്.
u. ഇതു നിത്യജീവനെ സംബന്ധിച്ച ശരിയായ വീക്ഷണത്തിൽ അടി സ്ഥാനപ്പെട്ടതാണ്.
v. ഇതു മരണാനന്തര സ്ഥിതിയെ സംബന്ധിച്ച ശരിയായ വീക്ഷണ ത്തിൽ അടിസ്ഥാനപ്പെട്ടതാണ്.
w. ഇതു ശരിയായ വ്യാഖ്യാനസമ്പ്രദായത്തിൽ അടിസ്ഥാനപ്പെട്ടതാണ്.
x. ഇതു സാധുവായ പരിഭാഷകളുടെ പിൻബലമുള്ളതാണ്.
y. ഇതു നമ്മുടെ വർഗ്ഗത്തിന് ദൈവം ഉപദേശിച്ച ആദ്യ പാഠമാണ്.
z. ഇതു വേദാനുസരണമാണെന്ന അറിവ് അവിശ്വാസികൾക്കു മനം തിരിവിനു പ്രേരകമായിട്ടുണ്ട്.

## ദൈവകരുണ – അതിവിശാലം

മറുകരകാണാത്ത മഹാബ്ധിപോലെതന്നെ
മനുഷ്യനാകട്ടെ സങ്കൽപിതമായ
കപടസീമകൾകൊണ്ട് അനന്ത
വിശാലതയ്ക്കു അതിരിടുന്നു

അവന്റെ ന്യായവിധികൾ ദാരുണമെങ്കിലും
അവന്റെ നീതി, ദയാമസൃണമാണ്
തിരുവെഴുത്തുകൾ   ആരായുക, ആരാഞ്ഞ്
ജ്ഞാനത്തിന്റെ വിസ്മയാവഹമായപൊരുത്തം കാണുക

അവനുതന്നെ ഉണ്ടായിരിക്കാത്ത എരിവോടെ
അവർ അവന്റെ പ്രതികരണത്തെ പെരുപ്പിച്ചുകാണിക്കുന്നു
തിരുവെഴുത്തുകൾ ആരായുക, ആരാഞ്ഞ്
ദൈവത്തിന്റെ നീതിയിൻ ശ്രേഷ്ഠനിയമം മനസ്സിലാക്കുക.

## ഞങ്ങളുടെ മറ്റ് ചില പ്രസിദ്ധീകരണങ്ങൾ

എന്താണ് സത്യം ❖ പൂർണ്ണ സുവിശേഷം ❖ ഭൂമിയിൽ വരുവാനുള്ള ദിവ്യാധിപത്യം ❖ യഥാർത്ഥ സ്വാതന്ത്ര്യം ❖ ന്യായവിധി ദിവസം ❖ ദൈവം നിങ്ങളെ സ്നേഹിക്കുന്നു ❖ ദൈവമോ സാത്താനോ വിജയിക്കുന്നത് ❖ യേശുവിന്റെ രണ്ടാം വരവ് ❖ യഥാസ്ഥാപനം ❖ മഹാപിരമിഡ് ❖ യിസ്രായേലിന്റെ തിരിച്ചുവരവ് ❖ നിങ്ങൾക്കറിയാമോ? ❖ പുതിയഭൂമി ❖ ആപത്ക്കരമായ മലിനീകരണം ❖ സമാധാനം, അതെങ്ങനെ കൈവരും ❖ പറുദീസയിലെ കള്ളന്മാർ ❖ ധനവാനും ലാസറും എന്ന ഉപമ ❖ മരിച്ചവരുടെ പുനരുത്ഥാനം ❖ മരിച്ചവർ എവിടെ? ❖ ആത്മാവ് എന്നാൽ എന്ത്? ❖ നരകം എന്നാൽ എന്ത്? ❖ ജീവനും അമർത്യതയും ❖ യഹോവയുടെ സാക്ഷികളുടെ ഉപദേശം വേദാനുസരണമോ? etc.

ഭൂമിയിൽ നിത്യമായി അധികാരത്തിൽ വരാൻപോകുന്ന ക്രിസ്തുവിന്റെ നീതിയുള്ള ഭരണത്തെയും യഥാസ്ഥാപനവേലയേയും സംബന്ധിച്ചുള്ള വേദസത്യങ്ങളുടെ കൂടുതൽ പഠനത്തിലേക്കും ബൈബിൾ പഠനത്തിനാവശ്യമായ ലഘുലേഖകൾ, പുസ്തകങ്ങൾ, ബൈബിൾ സ്റ്റാൻഡാർഡ് മാസിക മുതലായവയ്ക്കും താഴെകാണുന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുക.


**Courtesy by: BIBLE STANDARD MINISTRIES - LHMM**
**1156 St. Matthews Road, Chester Springs, PA, 19425-2700, USA.**

| For English | For Malayalam |
| --- | --- |
| Bro. V. Vincent Jeyakumar<br>Representative of India<br>Bible Standard Ministries - LHMM<br>32-D, Dr. Solomon Complex<br>Near Railway Gate, Nazareth<br>Tamil Nadu, India - 628 617<br>Cell : 9894926629<br>Email:vincent.v31@gmail.com | Bro. Abraham Mathew<br>Bible Standard Ministries - LHMM<br>Kakkamparampil<br>Vakathanam. P.O<br>Kottayam Dist, Kerala<br>India - 686 538<br>Cell: 9847553988<br>Email : enjoymathew@gmail.com |